പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1866 01.11.2019-ലെ മറുപടിക്ക്

# അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോ

ചോദ്യം

ശ്രീ.റോജി എം. ജോൺ

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അങ്കമാലി കെ.എസ്.ആർ. ടി.സി. ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന റൂട്ടുകൾ ഏതെല്ലാമെന്ന് റൂട്ട് തരംതിരിച്ചുള്ള വിവരം ലഭ്യമാക്കാമോ; | (എ) | അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നും ഓപ്പറേറ്റ് ചെയ്തിരുന്ന റൂട്ടുകളുടെ തരംതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | നിലവിൽ ഓപ്പറേറ്റ് ചെയ്തിരുന്ന ഏതെങ്കിലും റൂട്ട് അങ്കമാലി ഡിപ്പോയിൽ നിന്നും റദ്ദാക്കിയിട്ടുണ്ടോ; പുതിയതായി ഏതെങ്കിലും റൂട്ട് ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഉണ്ട്.<br>റദ്ദാക്കിയ ഷെഡ്യൂളുകൾ<br>1. അങ്കമാലി-ഈരാറ്റുപേട്ട<br>2. അങ്കമാലി-മഞ്ഞണിക്കര<br>3. അങ്കമാലി-മലയാറ്റൂർ<br>പുതുതായി തുടങ്ങിയ ഷെഡ്യൂൾ<br>1. അങ്കമാലി - പാലിശ്ശേരി |
| (സി) | അങ്കമാലി കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിലവിൽ സർവ്വീസ് നടത്താൻ ഫിറ്റ്നസ്സ് ഉള്ള എത്ര ബസ്സുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | സർവ്വീസ് നടത്താൻ ഫിറ്റ്നസ്സുള്ള 63 ബസ്സുകൾ 24-10-2019 ലെ കണക്ക് പ്രകാരം അങ്കമാലി ഡിപ്പോയിലുണ്ട്. |
| (ഡി) | അങ്കമാലി ഡിപ്പോയിൽ കൂടുതൽ ബസ് അനുവദിക്കാനും,യാത്രക്കാർ നേരിടുന്ന പ്രധാന പ്രശ്നമായ ഡിപ്പോ | (ഡി) | അങ്കമാലി യൂണിറ്റിൽ കൂടുതൽ ബസ് അനുവദിക്കുന്നതിന് നിലവിൽ തീരുമാനം ഇല്ല. |

| | | | |
|---|---|---|---|
| | യിലെ വെള്ളക്കെട്ടും വൻകുഴികളും നികത്തുന്നതിനും അടിയന്തരമായ നടപടി ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കാമോ? | | അങ്കമാലി ഡിപ്പോയിലെ പുതിയ ബസ് ടെർമിനൽ BOT വ്യവസ്ഥയിൽ കെ.റ്റി.ഡി.എഫ്.സി. നിർമ്മിച്ച് നല്കിയ താണ്. ഇവിടെ, അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ കെ.എസ്.ആർ.ടി.സി. നേരിട്ട് അറ്റകുറ്റ പണികൾ ചെയ്തിരുന്നു. എന്നാൽ കനത്ത മഴയിൽ വീണ്ടും വെള്ളക്കെട്ടും കുഴികളും മറ്റു സ്ഥലങ്ങളിൽ രൂപപ്പെട്ടിട്ടുണ്ട്. യാർഡ് മൊത്തത്തിൽ പുനഃരുദ്ധരിച്ചാൽ മാത്രമേ ശാശ്വത പരിഹാരം ആകുകയുള്ളൂ. കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയിൽ ഈ പ്രവൃത്തി ഏറ്റെടുക്കാൻ കഴിയുന്നതല്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് യാർഡിന്റെ പുനഃരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതാണ്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

| ക്രമ നം. | റൂട്ട് |
|---|---|
| 1 | അങ്കമാലി - തിരുവനന്തപുരം |
| 2 | അങ്കമാലി - തൃശ്ശൂർ |
| 3 | ആലുവ - ചാലക്കുടി |
| 4 | അങ്കമാലി - ചേർത്തല |
| 5 | അങ്കമാലി - തൃപ്പൂണിത്തുറ |
| 6 | അങ്കമാലി - പരവൂർ |
| 7 | അങ്കമാലി - ദേവഗിരി |
| 8 | അങ്കമാലി - കലാഡി പ്ലാന്റേഷൻ |
| 9 | അങ്കമാലി - പൂത്താൻകട്ടി |
| 10 | അങ്കമാലി - ഈരാറ്റുപേട്ട |
| 11 | അങ്കമാലി - മഞ്ഞനിക്കര |
| 12 | ആലപ്പുഴ - തൃശ്ശൂർ |
| 13 | അങ്കമാലി - പാലിശ്ശേരി |
| 14 | അങ്കമാലി - മാള |
| 15 | അങ്കമാലി - മൂളക്കുഴി |
| 16 | അങ്കമാലി - തോപ്പുംപടി |
| 17 | അങ്കമാലി - എയിംസ് |
| 18 | അങ്കമാലി - എറണാകുളം ജെട്ടി |
| 19 | അങ്കമാലി - മലയാറ്റൂർ |